**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **30-06-2022 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്നവരിൽ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം - കിഫ്ബി പദ്ധതി പ്രകാരം എത്ര പേരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2022 ജൂൺ 22 വരെ സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്നവരിൽ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി പ്രകാരം 48 അർഹതപ്പെട്ട കുടുംബങ്ങളെ പൂർണ്ണമായും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. 11 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;<br><br>1. കൊല്ലം ജില്ലയിലെ ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലുള്ള കട്ടിളപ്പാറ ഫേസ് 1 സെറ്റിൽമെന്റിലെ 48 അർഹതപ്പെട്ട കുടുംബങ്ങൾക്ക് രണ്ടാം ഗഡു നൽകി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.<br><br>2. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് വനം ഡിവിഷനു കീഴിലുള്ള ഒറ്റമല-അട്ടൂർ-മുച്ചംതുള്ളി സെറ്റിൽമെന്റിൽ 11 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിലേയ്ക്കായി രണ്ടാം ഗഡുവിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2022 ജൂൺ 22 വരെ സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്നവരിൽ കിഫ്ബി പദ്ധതി പ്രകാരം 10 അർഹതപ്പെട്ട കുടുംബങ്ങളെ പൂർണ്ണമായും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. 15 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;<br><br>1. കൊല്ലം ജില്ലയിലെ തിരുവനന്തപുരം വനം ഡിവിഷനു കീഴിലുള്ള ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങളെ രണ്ടാം ഗഡു നൽകി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.<br><br>2. കൊല്ലം ജില്ലയിലെ തിരുവനന്തപുരം വനം ഡിവിഷനു കീഴിലുള്ള വട്ടക്കരിക്കം സെറ്റിൽമെന്റിലെ 15 അർഹതപ്പെട്ട കുടുംബങ്ങളെ |

| | | | |
|---|---|---|---|
| | | | മാറ്റിപ്പാർപ്പിക്കുന്നതിലേയ്ക്കായി രണ്ടാം ഗഡുവിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ അപേക്ഷകരുടെയും തുക ലഭിച്ചവരുടെയും എണ്ണം , ലഭിച്ച തുക എന്നിവ വിശദമാക്കാമോ? | (ബി) | റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ ഒറ്റമല, അട്ടൂർ- മുച്ചംതുള്ളി സെറ്റിൽമെന്റിൽ നിന്നും 18 അപേക്ഷകൾ (21 അർഹതപ്പെട്ട കുടുംബങ്ങൾ) ലഭിക്കുകയും പദ്ധതി പ്രദേശം/രേഖകൾ വനം -റവന്യൂ വകുപ്പ് സംയുക്തമായി പരിശോധിക്കുകയും പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ലെവൽ കമ്മിറ്റി സമർപ്പിച്ച 9 അപേക്ഷകർക്ക് അതായത്, 11 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം (മൊത്തം 82.5 ലക്ഷം) ഒന്നാം ഗഡു ഇതിനോടകം നൽകിയിട്ടുണ്ട്. ടി 11 അർഹതപ്പെട്ട കുടുംബങ്ങൾക്ക് രണ്ടാം ഗഡു (7.5 ലക്ഷം രൂപ വീതം) നൽകുന്നതിലേയ്ക്കായി 20.06.2022 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ